ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) അല്ല.

(ബി) ഉണ്ട്. റോഡ് ഗതാഗതം മെച്ചപ്പെട്ട സ്ഥലങ്ങളിൽ യാത്രക്കാർ കുറഞ്ഞതും വെള്ളക്കെട്ടായ സ്ഥലങ്ങളിലും ദ്വീപിലും താമസിക്കുന്ന ജനങ്ങളുടെ സൗകര്യാർത്ഥം, യാത്രക്കാർ കുറവാണെങ്കിലും നിർബന്ധമായി ബോട്ട് ഓടിക്കേണ്ടി വരുന്നതും ജലഗതാഗത വകുപ്പിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നു. ജലഗതാഗത വകുപ്പിന്റെ വരുമാനത്തിന്റെ നല്ലൊരുഭാഗം അതിന്റെ പ്രവർത്തനച്ചെലവിന് വേണ്ടി വരുന്നു.

(സി) സർവ്വീസ് നടത്തുന്ന ബോട്ടുകളിൽ പഴക്കം ചെന്നവയും ഉൾപ്പെടുന്നുണ്ട്.

(ഡി) 25 വർഷത്തിലധികം പഴക്കമുള്ള എല്ലാ ബോട്ടുകളും ഒരു വർഷത്തിനകം ഘട്ടം ഘട്ടമായി മാറ്റി പകരം പുതിയ ബോട്ടുകൾ സർവ്വീസിനിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബോട്ടുകൾ സർവ്വീസിനിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബോട്ടുകൾ വാങ്ങുന്നതിനും നന്നാക്കുന്നതിനുമായി നടപ്പു വർഷത്തിൽ 625 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള ബി.പി.എൽ. പരിധി

1 (4161) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ പഞ്ചായത്തുകൾക്ക് വ്യവസായ സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിലെ സബ്സിഡി നൽകുന്നതിന് നിശ്ചയിച്ച ബി.പി.എൽ. പരിധി കാരണം ആളുകളെ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ബി.പി.എൽ./എ.പി.എൽ. എന്ന വ്യവസ്ഥ ഒഴിവാക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വികസന മേഖലകളിലെയും പ്രോജക്ടുകളിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly